**പന്ത്രണ്ടാം കേരള നിയമസഭ**

ഒമ്പതാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ഡിസംബർ 3, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

സന്ദീപ് ഉണ്ണിക്കൃഷ്ണന്റെ വീരമൃത്യുവിനോടനുബന്ധിച്ച പരാമർശം

മി. സ്പീക്കർ: 2-12-2008-ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ റൂൾ 50 അനുസരിച്ച് ഒരു അടിയന്തിരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രി മാധ്യമങ്ങൾക്ക് നൽകിയ അഭിമുഖത്തിൽ അദ്ദേഹം നടത്തിയതായി പറയപ്പെടുന്ന വ്യക്തിപരമായ പരാമർശത്തെ സംബന്ധിച്ചായതിനാൽ മുഖ്യമന്ത്രി സഭയിലുള്ളപ്പോൾ ഈ വിഷയം അവതരിപ്പിക്കുന്നതായിരിക്കും ഉചിതമെന്ന് ചെയർ പറയുകയുണ്ടായി.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): അടിയന്തിരപ്രമേയ നോട്ടീസിൽ പറഞ്ഞിരിക്കുന്ന കാര്യത്തിലേയ്ക്ക് കടക്കുന്നതിന് മുമ്പ് ഈ വിവാദത്തിലേയ്ക്ക് നയിച്ച സംഭവങ്ങളുടെ ഒരു പശ്ചാത്തലം ഈ സഭയും അതിൽകൂടി കേരള ജനതയും അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണെന്ന്

കരുതുന്നു. 2008 നവംബർ 28-ാം തീയതി പാർട്ടിയുടെ പി.ബി. യോഗത്തിൽ പങ്കെടുക്കുന്നതിന് ഡൽഹിയിലേയ്ക്ക് തിരിക്കുന്ന ഞാൻ ഹൈദരാബാദിലെ ഒരു പൊതുപരിപാടിയിൽ പങ്കെടുത്തശേഷം ഡിസംബർ 2-ാം തീയതിയേ തിരിച്ചെത്തുകയുള്ളൂവെന്നും എന്റെ അസാന്നിദ്ധ്യത്തിൽ ചുമതലകൾ നിർവ്വഹിക്കുന്നതിനായി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി ശ്രീ. എം. വിജയകുമാറിനെ അനുവദിക്കണമെന്നും കാണിച്ച് ബഹുമാനപ്പെട്ട സ്പീക്കർക്ക് കത്ത് നൽകിയിരുന്നു. ഡൽഹിയിലേയ്ക്ക് പോയതിനുശേഷമാണ് സന്ദീപിന്റെ ശവസംസ്കാരച്ചടങ്ങ് ബാംഗ്ളൂരിലാണ് നടക്കുന്നതെന്നുള്ള വിവരം അറിയുന്നത്. അപ്പോൾത്തന്നെ പൊളിറ്റിക്കൽ സെക്രട്ടറിയോട് നിർദ്ദേശിച്ചതനുസരിച്ച് സന്ദീപിന്റെ വീട്ടിൽപ്പോയി അനുശോചനം അറിയിച്ചു. അപ്പോഴേയ്ക്കും സന്ദീപ് ഉണ്ണിക്കൃഷ്ണന്റെ കുടുംബത്തെ കേരളം അവഗണിച്ചു എന്ന രീതിയിലുള്ള വാർത്ത രാഷ്ട്രീയ ക്കാരും മാധ്യമങ്ങളും പ്രചരിപ്പിച്ചുകൊണ്ടിരുന്നു. പക്ഷെ പൊളിറ്റിക്കൽ സെക്രട്ടറി ആ കുടുംബത്തിൽപ്പോയി കേരള ഗവൺമെന്റിന്റെ അനുശോചനം അറിയിച്ചു എന്ന വിവരം വന്നപ്പോഴേയ്ക്കും ആദ്യം നടന്ന പ്രചാരവേലയിൽ നിന്ന് അവർ പിന്മാറി. നവംബർ 29-ാം തീയതി ഡൽഹിയിൽ നിന്ന് സന്ദീപിന്റെ പിതാവ് ഉണ്ണിക്കൃഷ്ണനെ ഫോണിലൂടെ എന്റെയും ഗവൺമെന്റിന്റെയും അനുശോചനം അറിയിക്കുകയും മകന്റെ വേർപാടിൽ കരയാതെ ധീരമായ നിലപാടെടുത്തതിൽ അഭിനന്ദിക്കുകയും ഹൈദരാബാദിലെ പരിപാടി ക്രമപ്പെടുത്തി ഞാനും ആഭ്യന്തര വകുപ്പു മന്ത്രിയുംകൂടി അവിടെ എത്തുന്നതാണെന്ന് അറിയിക്കുകയും

ചെയ്തിരുന്നു. അങ്ങനെ സൗഹൃദമായ ഒരു അന്തരീക്ഷത്തിൽ നടന്ന സംഭാഷണത്തിനു ശേഷമാണ് ഞാൻ ബാംഗ്ളൂരിലെ ആ വീടിന്റെ മുമ്പിലെത്തിയത്. അപ്പോൾ ആസൂത്രിതമായ ചില പരിപാടികളോടുകൂടി ഞങ്ങളെ സ്വീകരിക്കുന്നതിന് അവിടെ ചിലർ ഒത്തുകൂടിയിരിക്കുന്നതായി ട്ടാണ് കണ്ടതെങ്കിലും ക്ഷമാപൂർവ്വം ആ വീട്ടിലേയ്ക്ക് പോവുകയും സന്ദീപ് ഉണ്ണിക്കൃഷ്ണന്റെ ചിത്രത്തിൽ പൂമാലയിടുകയും വിളക്ക് കത്തിക്കുകയും ചെയ്തു. ഉണ്ണിക്കൃഷ്ണന്റെ സഹധർമ്മിണിയും ബന്ധുക്കളും വളരെ സ്നേഹാദരവോടുകൂടി ഞങ്ങളെ സ്വീകരിച്ചു. അവരേയും അനുശോചനം അറിയിച്ചു. നവംബർ 29-ാം തീയതി ഫോണിലൂടെ സൗഹൃദമായി സംസാരിച്ച ഉണ്ണിക്കൃഷ്ണനെക്കൂടി കാണാതെ പോകുന്നത് ശരിയല്ല എന്ന നിലയിൽ അന്വേഷിച്ചപ്പോൾ ഉണ്ണിക്കൃഷ്ണൻ കടന്നുവരുകയും വളരെ പരുഷമായ നിലയിൽ പെരുമാറുകയും ചെയ്തു. സന്ദീപ് മരിച്ചതിലുണ്ടായ മാനസിക വിഷമത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം എന്തെങ്കിലും പറയുന്ന തായിരിക്കും എന്ന നിലയിൽ ഞാൻ അത് കാര്യമായെടുത്തില്ല. കർണ്ണാടക മുഖ്യമന്ത്രി അവിടെ ചെന്നപ്പോൾ അദ്ദേഹത്തിന് യാതൊരു തരത്തിലുള്ള വിഷമവും അനുഭവപ്പെട്ടില്ല. അതേസമയം മറ്റാളുകളോട് അദ്ദേഹം വളരെ പരുഷമായിട്ടാണ് പെരുമാറുന്നത് എന്ന് പിന്നീട് മനസ്സിലായതുകൊണ്ട് ആ വീട് വിടുന്നതുവരെ യാതൊരു കാര്യവും അദ്ദേഹത്തോട് സംസാരിക്കാതെ ക്ഷമാപൂർവ്വം ഞാനും ആഭ്യന്തര വകുപ്പുമന്ത്രിയും മടങ്ങുകയാണ് ഉണ്ടായത്. അതിനുശേഷം ചില മാധ്യമ പ്രതിനിധികൾ എന്നെ കാണുകയും വിവരങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്തപ്പോൾ വിശേഷിച്ചൊന്നും പറയാനില്ലെന്ന് അവരോട് പറഞ്ഞെങ്കിലും അതിലൊരു

പത്രപ്രവർത്തകൻ നിർബന്ധപൂർവ്വം എന്ത് സംഭവിച്ചു എന്നുള്ളതറിയാൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ സന്ദീപ് ഉണ്ണിക്കൃഷ്ണന്റെ പിതാവ് പ്രയോഗിച്ച തരത്തിലുള്ള പ്രയോഗമൊന്നും ആ കുടുംബത്തിന് നല്ലതായിരുന്നില്ല എന്ന നിലയിലുള്ള ഒരു പരാമർശനം നടത്തി. ഈ നിലയിലുണ്ടായ കാര്യങ്ങളെ വളച്ചുകെട്ടി പ്രചാരവേല നടത്താൻ മുന്നിട്ടിറങ്ങിയ കൂട്ടർക്ക് മുംബൈ കലാപം നടത്താൻ വേണ്ടി കടൽ വഴി വന്ന ഭീകരരെ സംബന്ധിച്ച് ഒന്നും പത്രങ്ങളിൽ എഴുതാൻ ഉണ്ടായിരുന്നില്ല. എല്ലാ രാഷ്ട്രീയക്കാർക്കും വേണ്ടിയാണ് അത്തരത്തിലുള്ള പരാമർശനങ്ങൾ നടത്തിയത്. ഈ കാര്യത്തിൽ കെട്ടിച്ചമച്ച നിലയിൽ എന്റെ പേരുമായി ബന്ധപ്പെടുത്തി ആ കുടുംബത്തെ സംബന്ധിച്ച് പ്രചരിപ്പിക്കുന്ന കാര്യങ്ങളിൽ എനിക്ക് അങ്ങേയറ്റം ദു:ഖമുണ്ട്. ജനങ്ങൾ തെറ്റിദ്ധരിപ്പിക്കപ്പെട്ടിരിക്കുന്ന ഈ സാഹചര്യത്തിൽ എനിക്കുള്ള ദു:ഖവും ഖേദവും പ്രകടിപ്പിക്കുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ചരിത്രത്തിൽ സമാനതകളില്ലാത്ത സംഭവമാണ് മുംബൈയിലെ ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട എൻ.എസ്.ജി മേജർ സന്ദീപ് ഉണ്ണികൃഷ്ണന്റെ കുടുംബത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അപമാനിക്കാൻ ശ്രമിച്ചുവെന്നത്. മുഖ്യമന്ത്രി നടത്തിയ പരാമർശം കേരളത്തിലെ മുഴുവൻ ജനങ്ങളുടേയും കണ്ണിനെയും കാതിനെയും വഞ്ചിക്കുന്ന രൂപത്തിലുള്ളതാണ്. സന്ദീപിന്റെ വീട്ടിൽ ചെന്നപ്പോൾ സ്നേഹത്തോടെ അവർ സ്വീകരിച്ചിരുത്തിയെന്ന് അങ്ങ് പറഞ്ഞു. അപ്രതീക്ഷിതമായുണ്ടായ ഒരു ഭീകരാക്രമണത്തിൽ സ്വന്തം ജീവൻ നൽകി ഭീകരരെ നേരിട്ട രക്തസാക്ഷിയായ സന്ദീപ് ഉണ്ണികൃഷ്ണന്റെ കുടുംബത്തോട് ഞാൻ ആദരവ് കാണിക്കുകയാണ്. ഭീകരതയുടെ 59

മണിക്കൂർ രാഷ്ട്രം ഞെട്ടിത്തരിച്ച സന്ദർഭത്തിൽ കേരളത്തിന്റെ അഭിമാനപുത്രൻ സന്ദീപ് ഉണ്ണികൃഷ്ണൻ കാണിച്ച അസാമാന്യ ധൈര്യത്തെ കേരള ജനത ഒരിക്കലും മറക്കില്ല. ശ്രീ. ഉണ്ണികൃഷ്ണന്റെ പെരുമാറ്റം മകൻ നഷ്ടപ്പെട്ട ഒരു അച്ഛന്റെ അസ്വസ്ഥതയാണെന്ന് മാർക്സിസ്റ്റ് പാർട്ടി സംസ്ഥാന സെക്രട്ടറി പറഞ്ഞിട്ടുണ്ട്. ഏക മകൻ ഭീകരാക്രമണത്തിൽ വെടിയേറ്റു മരിച്ചതിന്റെ അസ്വസ്ഥതയും മാനസിക പീഡനവും ഉള്ളിലൊതുക്കിക്കൊണ്ട് സന്ദീപിന്റെ മാതാവ് മുഖ്യമന്ത്രിയുടെ മുമ്പിൽ കരഞ്ഞിരുന്നത് മറക്കരുത്. കേരളത്തിന്റെ മുഖ്യമന്ത്രിയാണ് ഉപയോഗിക്കാൻ പാടില്ലാത്ത ഏറ്റവും നീചവും മ്ലേച്ഛവുമായ ഭാഷയിൽ ധീരരക്തസാക്ഷിയെ അപമാനിക്കാൻ ശ്രമിച്ചത്. പ്രസ്തുത ഹീനപ്രയോഗം തിരുത്താൻ കിട്ടിയ എല്ലാ സന്ദർഭങ്ങളും ഉപേക്ഷിച്ചു. അതിന്റെ അർത്ഥം ബോധപൂർവമായി ആ കുടുംബത്തെ അപമാനിക്കാൻ ശ്രമിച്ചുവെന്നാണ്. ശ്രീ. പ്രകാശ് കാരാട്ട്, ശ്രീ.പിണറായി വിജയൻ, മുഖ്യമന്ത്രിയോടൊപ്പമുണ്ടായിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ തുടങ്ങിയവരാരും മുഖ്യമന്ത്രിയുടെ പ്രയോഗത്തോട് യോജിക്കുന്നില്ലെന്നാണ് മനസ്സിലാക്കുന്നത്. പ്രസ്തുത വാക്കുകൾ ഒരു രക്തസാക്ഷി കുടുംബത്തിന്റെ ഹൃദയത്തിൽ തറച്ച വെടിയുണ്ടയാണെന്ന കാര്യത്തിൽ തർക്കമില്ല. ഇന്ത്യയിലെ ജനകോടികളുടെ ഹൃദയത്തിലെ ചുവപ്പു നക്ഷത്രമാണ് സന്ദീപ് ഉണ്ണികൃഷ്ണൻ. ഭീകരതയോട് അങ്ങ് കാണിക്കുന്ന ദയപോലും സന്ദീപ് ഉണ്ണികൃഷ്ണന്റെ കുടുംബത്തോട് കാണിച്ചില്ല. ഭീകരർ അവരുടെ യന്ത്രത്തോക്കിലെ ഒരു വെടികൊണ്ട് സന്ദീപ് ഉണ്ണികൃഷ്ണനെ കൊന്നുവെങ്കിൽ മുഖ്യമന്ത്രിയുടെ നാവുകൊണ്ട് ആ കുടുംബത്തെ കൊല്ലുകയാണ് ചെയ്തത്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് ഡയസ്സിന് മുന്നിൽ വന്നുനിന്നു. സീറ്റുകളിലേയ്ക്ക് മടങ്ങിപ്പോയി സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണമെന്ന് സ്പീക്കർ ആവർത്തിച്ചാവശ്യപ്പെട്ടപ്പോൾ പ്രതിപക്ഷാംഗങ്ങൾ തിരികെപ്പോയി അവരവരുടെ സീറ്റുകളിൽ ഇരുന്നു.)

മുഖ്യമന്ത്രി നിയമസഭയിൽ മറുപടി പറയുമ്പോഴെങ്കിലും ഇക്കാര്യ ത്തിൽ ഖേദം പ്രകടപ്പിക്കുമെന്നാണ് സഭ കരുതിയത്. മേജർ സന്ദീപ് ഉണ്ണി ക്കൃഷ്ണന്റെ കുടുംബത്തോട് ഖേദപ്രകടനം നടത്താൻ അദ്ദേഹം ഇതുവരെ യും തയ്യാറായിട്ടില്ല. കേരളത്തിനു തന്നെ അപമാനമായ മുഖ്യമന്ത്രി രാജി വയ്ക്കണം. ഈ വിഷയം സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി <u>(ശ്രീ വി.എസ്. അച്ചുതാനന്ദൻ):</u> ലോകത്തിനു മുമ്പിൽ ഇന്ത്യ ഒരു ഏകീകൃത ശക്തിയായി നിൽക്കുന്നത് അമേരിക്കൻ സാമ്രാജ്യത്വ ത്തിനും ആശ്രിതശക്തികൾക്കും സഹിക്കുന്നില്ല. അവർ ഇന്ത്യയെ ഛിന്ന ഭിന്നമാക്കാൻവേണ്ടി ശ്രമിച്ചുക്കൊണ്ടിരിക്കുന്നതിന്റെ പരിണിതഫലമാണ് മുംബൈയിൽ നടന്ന തീവ്രവാദി ആക്രമണം. ഏകീകൃത ഇന്ത്യയെ ഛിന്ന ഭിന്നമാക്കാൻ വേണ്ടി അമേരിക്ക നടത്തുന്ന ശ്രമങ്ങളെ സംസ്ഥാന ഗവൺമെന്റും ഇടതുപക്ഷ പാർട്ടികളും സധൈര്യം നേരിടുക തന്നെ ചെയ്യും. മർമ്മ പ്രധാനമായ ബില്ലുകൾ ചർച്ച ചെയ്ത് പാസ്സാക്കുക എന്നതാണ് ഈ സഭയുടെ ലക്ഷ്യം. മേജർ സന്ദീപിന്റെ കുടുംബത്തിന് അർഹമായ എല്ലാ ബഹുമാനവും കേരള ഗവൺമെന്റ് നൽകിയിട്ടുണ്ട്. കേരളത്തെ അപമാനി ക്കാൻവേണ്ടി പ്രതിപക്ഷം പ്രചാരവേല നടത്തുന്നതിൽ ഗവൺമെന്റിന്

ദു:ഖമുണ്ട്. ഈ വിഷയം സഭാ നടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് ഡയസ്സിനുമുന്നിൽ വന്നുനിന്നു. അംഗങ്ങൾ ഇരിപ്പിടങ്ങളിലേയ്ക്ക് മടങ്ങിപ്പോയി സഭാനടപടികളുമായി സഹകരിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അഭ്യർത്ഥിച്ചുവെങ്കിലും ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ സഭ കാര്യവിവരപ്പട്ടികയിലെ മറ്റ് നടപടികളിലേയ്ക്ക് കടന്നു.)

**ശ്രദ്ധക്ഷണിക്കൽ**

(ഒന്നാമത്തെ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

(2) ബംഗലൂരുവിലെ നിംഹാൻസ് മാതൃകയിൽ സ്ഥാപനം

ശ്രീ. വി. ശശികുമാർ : മാനസികവും ബുദ്ധിപരവുമായ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കുട്ടികളുടെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ബംഗലൂരുവിലെ നിംഹാൻസ് മാതൃകയിൽ ഒരു സ്ഥാപനം സംസ്ഥാനത്ത് ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : നിംഹാൻസ് മാതൃകയിൽ അല്ലെങ്കിൽപ്പോലും ഈ രംഗത്ത് മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്ന സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ട്. ബുദ്ധിമാന്ദ്യം, മാനസിക പ്രശ്നങ്ങൾ, ഓട്ടിസം എന്നിവ ബാധിച്ച കുട്ടികൾക്ക് മെച്ചപ്പെട്ട ചികിത്സ സൗകര്യങ്ങൾ ഉൾപ്പെടെ നൽകുന്ന കാര്യം ഗവൺമെന്റ് അനുഭാവപൂർവം പരിഗണിക്കുന്നതാണ്.

**നിയമനിർമ്മാണ കാര്യം**

(1) <u>2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി മുഖ്യമന്ത്രി <u>(ശ്രീ.വി. എസ്. അച്ചുതാനന്ദൻ)</u> : 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u> : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി മുഖ്യമന്ത്രി <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)</u> : 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ)</u> : പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u> : 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-1-2009 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u> : 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി മുഖ്യമന്ത്രി (ശ്രീ.വി. എസ്. അച്ചുതാനന്ദൻ) : ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ബിൽ ഭക്ഷ്യവും ഭവനനിർമ്മണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## (2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (i) 2008-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. പി. വിശ്വൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. പി. ജയരാജൻ : 194-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

**(269)** In Section 8B, proposed to be inserted by Clause 7 of the Bill,

(1) In sub-section (2), for the words "Temple Employees", the words "Employees of the Temples" shall be substituted;

(2) In sub-section (3) for the words "Temple employees", the words "Employees of the Temples" shall be substituted.

ശ്രീ. പി. ജയരാജൻ : 288, 290 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : 304-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(312) In Section 19D, proposed to be inserted by Clause 12 of the bill,

(1) In clause (b), the word "and" shall be added at the end;

(2) Clause (c) shall be omitted;

(3) Clause (d) shall be renumbered as clause (c)

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

14 മുതൽ 16 വരെയുള്ള വകുപ്പുകൾ

14 മുതൽ 16 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14 മുതൽ 16 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

17-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>18-ാം വകുപ്പ്</u>

**(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)**

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>19-ാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>20 മുതൽ 22 വരെയുള്ള വകുപ്പുകൾ</u>

20 മുതൽ 22 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20 മുതൽ 22 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>23-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>24-ാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

25 മുതൽ 28 വരെയുള്ള വകുപ്പുകൾ

25 മുതൽ 28 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

25 മുതൽ 28 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2008-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

2008-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2008-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള തയ്യൽ

തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : 2008-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

2008-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ രാവിലെ 10.26-ന് പിരിഞ്ഞു.

*************